ഗവൺമെന്റ് സ്വകാര്യമേഖലയിലെ ഹയർ സെക്കന്ററി അദ്ധ്യാപകർ

107 [3633] *ശ്രീ. പി. കെ. കെ. ബാവ:*
„ *സി. മോയിൻകുട്ടി:*
„ *സി. മമ്മൂട്ടി:*
„ *ടി. പി. എം. സാഹിർ:*
„ *കെ.എൻ.എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര ഹയർ സെക്കണ്ടറി അദ്ധ്യാപകർ ജോലി ചെയ്തുവരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ 2001-ന് ശേഷം നിയമനം ലഭിച്ചവർ എത്രപേരുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗവൺമെന്റ് മേഖലയിൽ 4416-ഉം എയ്ഡഡ് മേഖലയിൽ 9750-ഉം അദ്ധ്യാപകർ ജോലി ചെയ്തുവരുന്നു.

(ബി) 2001-ന് ശേഷം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 3009 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപക നിയമനം സംസ്ഥാനാടിസ്ഥാനത്തിലായതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്.

ആലപ്പുഴ ഡി. ഇ. ഒ. യുടെ നടപടികളിൽ ക്രമക്കേടുകൾ

108 [3634] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ കോഴ്സ് ആരംഭിച്ച വർഷം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) ആയി നിയമനാംഗീകാരം ലഭിക്കുകയും ഒരു വർഷം പൂർത്തിയാകുന്നതിനു മുൻപ് രണ്ടാം വർഷ ക്ലാസ്സുകൾ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (സീനിയർ) ആയി അപ്ഗ്രേഡ് ചെയ്ത് നിയമനാംഗീകാരം ലഭിക്കുകയും ചെയ്ത അദ്ധ്യാപകരുടെ പ്രൊബേഷൻ പൂർത്തിയാക്കേണ്ടത് എങ്ങനെയെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മേൽപ്പറഞ്ഞ വിഭാഗം അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) ആയി നിയമിക്കപ്പെട്ട തീയതി മുതൽ രണ്ട് വർഷം തുടർച്ചയായി കണക്കാക്കി സ്കൂൾ മാനേജർമാർ നൽകിയ പ്രൊബേഷൻ അംഗീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ;

(ബി) ഒരേ ദിവസം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിൽ സീനിയറായും ജൂനിയറായും നിയമിക്കപ്പെടുന്നവർക്ക് വ്യത്യസ്തമായ പ്രൊബേഷൻ വ്യവസ്ഥ നിശ്ചയിച്ച് അപ്ഗ്രഡേഷനിലൂടെ സീനിയറായി നിയമനം ലഭിച്ചവർക്ക് സർവ്വീസ് ആനുകൂല്യങ്ങളിൽ നഷ്ടം വരുത്തുന്ന സമീപനം ആലപ്പുഴ ഡി. ഇ. ഒ. സ്വീകരിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം തിരുത്തുന്നതിനുള്ള ഉത്തരവ് ആലപ്പുഴ ഡി. ഇ. ഒ. ക്ക് സത്വരമായി നൽകാമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്ന് വർഷത്തെ തുടർച്ചയായ സർവ്വീസിൽ രണ്ട് വർഷമാണ് പ്രൊബേഷൻ കാലഘട്ടമായി കണക്കാക്കുന്നത്.

(ബി) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) ആയി നിയമിക്കപ്പെട്ട തീയതി മുതൽ രണ്ട് വർഷം തുടർച്ചയായി കണക്കാക്കി സ്കൂൾ മാനേജർമാർ നൽകിയ പ്രൊബേഷൻ അംഗീകരിക്കുവാൻ വ്യവസ്ഥയുണ്ട്.

(സി) & (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആശ്രിത നിയമനം നൽകാൻ നടപടി

109 [3635] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ പൂളക്കോട് ജി. എൽ. പി. എസ്. (കുന്ദമംഗലം എ. ഇ. ഒ.) അദ്ധ്യാപകൻ കെ. ഗോവിന്ദൻ 3-12-1993-ന് മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരേതന്റെ ബന്ധുക്കളാരെങ്കിലും ആശ്രിത നിയമനത്തിന് അപേക്ഷിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആരാണ് അപേക്ഷ നൽകിയത്; ഇവർക്ക് പരേതനുമായുള്ള ബന്ധം എന്താണ്;

(ഡി) അപേക്ഷ പരിഗണിച്ച് ഇവർക്ക് ജോലിയിൽ പ്രവേശനം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ എന്നാണ് ജോലിയിൽ പ്രവേശിച്ചതെന്നും ഏത് തസ്തികയിലാണ് നിയമനം നൽകിയതെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly